## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **24-06-2024 - ൽ മറുപടിയ്ക്ക്**

## കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ഡയറക്ടർ തലത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും കേപ്പിന്റെ പ്രവർത്തനങ്ങൾ വിശദമായി തന്നെ അവലോകനം നടത്തിയിട്ടുണ്ട്. പൊതുവിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് പ്രവേശന തോത് കുറഞ്ഞത് കേപ്പ് സ്ഥാപനങ്ങളേയും ബാധിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ വിശദമായി അവലോകനം നടത്തി പരിഹാര നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 2023-24 വർഷത്തെ പ്രവേശനം മുൻ വർഷത്തിലുണ്ടായിരുന്ന 55% നിന്നും 67% ആയി മെച്ചപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ വർഷം കേപ്പിന്റെ കോളേജുകളിൽ വിവിധ കോഴ്സുകളിലായി സംസ്ഥാനത്താകമാനം എത്ര സീറ്റുകൾ വീതം ഒഴിഞ്ഞുകിടന്നുവെന്ന് അറിയിക്കാമോ; | (ബി) | കേപ്പ് കോളേജുകളിൽ എല്ലാ കോഴ്സുകളിലുമായി മൊത്തമുള്ള 3468 സീറ്റിൽ 1117 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. (ബി.ടെക് - 780, എം.ടെക് - 35, എം.സി.എ -1, എം.ബി.എ -29, ഡിപ്ലോമ - 272) |
| (സി) | അഡ്മിഷൻ നടപടികൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി പുനഃക്രമീകരിച്ചാൽ മുഴുവൻ സീറ്റുകളിലും അഡ്മിഷൻ നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവേശന നടപടികൾ വൈകുന്നതാണ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനുള്ള ഒരു കാരണം. കീം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ കാലവിളംബം ഒഴിവാക്കിയാൽ പ്രവേശന തോത് ഉയർത്താൻ കഴിയുന്നതാണ്. |
| (ഡി) | കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കി കാലിക പ്രസക്തമായ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | കേപ്പിന്റെ കീഴിലുള്ള കോളേജുകളിൽ വരുമാനം കുറഞ്ഞ കോഴ്സുകൾ നിർത്തുന്നതും പുതിയ കോഴ്സുകൾ/ പുതിയ ബ്രാഞ്ചുകൾ തുടങ്ങുന്നതും സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തീർത്തും ലാഭകരമല്ലാത്ത ഡിപ്ലോമ കോഴ്സുകൾ നിർത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ